# യോഹന്നാന്റെ ജീവപഠനം

## ദൂത് നാൽപ്പത്തിയൊന്ന്

## ജീവന്റെ പ്രാർത്ഥന

## (4)

യോഹന്നാൻ 17-നെ സംബന്ധിച്ച് വളരെ പറഞ്ഞുവെങ്കിലും ഇനിയും കുറേക്കൂടി പറയേണ്ടത് ആവശ്യമാണ്. ദൈവം കർത്താവിലും കർത്താവിലൂടെയും മഹത്വപ്പെടേണ്ടതിന് ദൈവം അവനെ മഹത്വപ്പെടുത്തുന്നതിനുവേണ്ടി കർത്താവ് ഈ അദ്ധ്യായത്തിൽ പ്രാർത്ഥിച്ചതുകൊണ്ട്, നാം ഈ അദ്ധ്യായം ഒരിക്കലും മറക്കരുത്. "പിതാവേ, നാഴിക വന്നിരിക്കുന്നു; നിന്റെ പുത്രൻ നിന്നെ മഹത്വപ്പെടുത്തേണ്ടതിനു പുത്രനെ മഹത്വപ്പെടുത്തണമേ"(17:6) എന്ന വാക്കുകളാണ് ഈ പ്രാർത്ഥനയുടെ വിഷയം. പിതാവായ ദൈവം പുത്രനിലും പുത്രനിലൂടെയും മഹത്വപ്പെടേണ്ടതിന് ദൈവപുത്രൻ എങ്ങനെയായിരുന്നു മഹത്വപ്പെട്ടത്? അത് മരണത്തിന് പിന്നാലെയുള്ള പുനരുത്ഥാനത്താൽ ആയിരുന്നു. തന്റെ മരണത്തിനുശേഷം കർത്താവ് ഉയിർത്തെഴുന്നേറ്റതിന്റെ അർത്ഥം അവൻ വെളിപ്പെടുകയും മഹത്വപ്പെടുകയും ചെയ്തു എന്നാണ്. കർത്താവ് പുനരുത്ഥാനത്താൽ വിടുവിക്കപ്പെടുകയും വെളിപ്പെടുകയും ചെയ്തു; അങ്ങനെ, അവൻ മഹത്വപ്പെട്ടു. കർത്താവ് അപ്രകാരം മഹത്വപ്പെട്ടപ്പോൾ, പിതാവ് പുത്രനിലും പുത്രനിലൂടെയും മഹത്വപ്പെട്ടു.

പുത്രൻ തന്റെ പുനരുത്ഥാനത്തിൽ പിതാവിനെ മഹത്വപ്പെടുത്തി എന്ന് നാം കണ്ടു. പിതാവ് പുത്രനിലും പിതാവിലൂടെയും മഹത്വപ്പെടേണ്ടതിന് ഇന്ന് ഏതു മാർഗ്ഗത്തിൽ പുത്രൻ മഹത്വപ്പെടും? ഇത് സഭയിലൂടെ ആണ്. സഭ വീണ്ടുംജനിച്ച് വിശുദ്ധീകരിക്കപ്പെട്ട് ക്രൂശിക്കപ്പെട്ട് മഹത്വത്തിൽ ക്രിസ്തുവിനോടൊപ്പം ഒന്നുചേരുമ്പോൾ, ദൈവപുത്രൻ ആവിഷ്കരിക്കപ്പെടുകയും വെളിപ്പെടുകയും ചെയ്യും. ദൈവപുത്രൻ സഭയുടെ ഒരുമയിൽ മഹത്വപ്പെടും. ദൈവപുത്രൻ അപ്രകാരം മഹത്വപ്പെടുന്നതുകൊണ്ട്, ആ സമയത്ത് പുത്രനിലും പുത്രനിലൂടെയും പിതാവും മഹത്വപ്പെടും. അതുകൊണ്ട്, "നിന്റെ പുത്രൻ

നിന്നെ മഹത്വപ്പെടുത്തേണ്ടതിന് പുത്രനെ മഹത്വപ്പെടുത്തണമേ" എന്ന പ്രാർത്ഥനയിൽ വീണ്ടുംജനിച്ചതും വിശുദ്ധീകരിക്കപ്പെട്ടതും ക്രൂശിക്കപ്പെട്ടതും ദൈവപുത്രനുമായി ഒരുമയിൽ ഐക്യപ്പെട്ടതുമായ സഭയെ സംബന്ധിച്ച കാര്യം അടങ്ങിയും ആശ്രയിച്ചും ഇരിക്കുന്നു.

## ദിവ്യജീവനിലുള്ള ഒരുമ

നാം കണ്ടതുപോലെ, യോഹന്നാൻ 17-ലെ കർത്താവിന്റെ പ്രാർത്ഥന, ഒരുമയുടെ മൂന്ന് ഘട്ടങ്ങൾ തുറന്നു കാണിക്കുന്നു. ഈ ദൂതിൽ, ഒരുമയെ സംബന്ധിച്ച യോഹന്നാൻ 17-ലെ വാക്യങ്ങൾ നമുക്ക്, സൂക്ഷ്മമായി ശ്രദ്ധിക്കാം."പരിശുദ്ധ പിതാവേ, അവർ നമ്മെപ്പോലെ ഒന്നാകേണ്ടതിന് നീ എനിക്കു തന്നിരിക്കുന്ന നിന്റെ നാമത്തിൽ അവരെ കാത്തുകൊള്ളണമേ,"എന്ന് 11-ാം വാക്യം പറയുന്നു. പിതാവിന്റെ നാമത്തിൽ കാക്കപ്പെടുന്ന ഒരു കാര്യമാണ് ഒരുമ എന്ന് ഇവിടെ നാം കാണുന്നു. നാം നേരത്തേ ചൂണ്ടികാണിച്ചതുപോലെ, പിതാവിന്റെ നാമത്തിന്റെ യാഥാർത്ഥ്യം പിതാവിന്റെ ദിവ്യജീവൻ ആണ്. അതുകൊണ്ട്, യഥാർത്ഥ ഒരുമയുടെ ആദ്യത്തെ ഘടകം പിതാവിന്റെ ദിവ്യജീവനോടുകൂടെ പിതാവിന്റെ നാമമാണ്."നീ അവനു നൽകിയിട്ടുള്ളവർക്ക് എല്ലാവർക്കും അവൻ നിത്യജീവൻ കൊടുക്കേണ്ടതിനു നീ സകല ജഡത്തിന്മേലും അവന് അധികാരം നൽകിയിരിക്കുന്നുവല്ലോ,"എന്ന് കർത്താവ് പിതാവിനോട് പറഞ്ഞതായ 17:2-ൽ പരാമർശിച്ചിരിക്കുന്ന ജീവൻ ഇതാണ്. ശരിയായ ഒരുമയുടെ ആദ്യത്തെ പ്രധാന ഘടകം കാണുവാൻ നാം ഈ രണ്ടു വാക്യങ്ങൾ വളരെ ശ്രദ്ധിക്കണം.

## വിശുദ്ധ വചനത്തിലുള്ള ഒരുമ

യോഹന്നാൻ 17:21 അത്ഭുതകരവും ആഴമേറിയതും ഗഹനവുമായ ഒരു വാക്യമാണ്."നീ എന്നെ അയച്ചിരിക്കുന്നു എന്നു ലോകം വിശ്വസിക്കുവാൻ അവർ എല്ലാവരും ഒന്നാകേണ്ടതിനു, പിതാവേ, നീ എന്നിലും ഞാൻ നിന്നിലും ആകുന്നതുപോലെ, അവരും നമ്മിൽ ആകേണ്ടതിനു തന്നെ."ഈ വാക്യത്തിലെ ഒരുമ ത്രിയേകദൈവത്തിലെ ഒരുമ ആണ്. നാം എല്ലാവരും ത്രിയേകദൈവത്തിൽ ആയിരിക്കുമ്പോൾ നമുക്ക് ഒരുമയുണ്ട്. എങ്ങനെ നമുക്ക് ത്രിയേകദൈവത്തിൽ ആയിരിക്കുവാൻ കഴിയും? ക്രിസ്തുവിന്റെ മരണത്തിലൂടെയും പുനരുത്ഥാനത്തിലൂടെയും മാത്രം. ഈ കാരണത്താലാണ് കർത്താവ്, പതിനാലാം അദ്ധ്യായത്തിൽ തനിക്ക് മരണത്തിലേക്ക് പോവുകയും പുനരുത്ഥാനത്തിൽ മടങ്ങിവരുകയും വേണമെന്ന് പറഞ്ഞത്. മരണ പുനരുത്ഥാനങ്ങളിലൂടെ ആയിരുന്നു അവന്റെ ശിഷ്യന്മാരെ ത്രിയേകദൈവത്തിലേക്ക് കൊണ്ടുവന്നത്. ത്രിയേകദൈവത്തിലാണ്, യഥാർത്ഥമായ, ശരിയായ ഒരുമ ഉള്ളത്. നാം 17-ഉം 18-ഉം വാക്യങ്ങൾ 21-ാം വാക്യത്തോടൊപ്പം എടുക്കണം."സത്യത്താൽ അവരെ

വിശുദ്ധീകരിക്കണമേ; നിന്റെ വചനം സത്യം ആകുന്നു. നീ എന്നെ ലോകത്തിലേക്ക് അയച്ചതുപോലെ ഞാൻ അവരെയും ലോകത്തിലേക്ക് അയച്ചിരിക്കുന്നു." 17-ാം വാക്യത്തിൽ നമുക്ക് വിശുദ്ധീകരിക്കുന്ന വചനം ഉണ്ട്. നാം ത്രിയേകദൈവത്തിൽ ആണെങ്കിലും, ത്രിയേകദൈവത്തിൽനിന്ന് ലോകത്തിലേക്ക് വഴുതിപ്പോയേക്കാം. അതുകൊണ്ട്, നമ്മെ ലോകത്തിൽനിന്നു വേർപെടുത്തി ത്രിയേക ദൈവത്തിലേക്ക് മടക്കികൊണ്ടുവരുവാൻ നമുക്ക് വിശുദ്ധീകരിക്കുന്ന വചനം ആവശ്യമാണ്. അതുകൊണ്ട്, ശരിയായ ഒരുമയുടെ രണ്ടാമത്തെ ഘടകം, വിശുദ്ധവചനത്താലുള്ള വിശുദ്ധീകരണത്തിലൂടെ, ത്രിയേകദൈവത്തിൽ ആണ്.

## ദിവ്യമഹത്വത്തിലുള്ള ഒരുമ

ഒരുമയുടെ മൂന്നാമത്തെ ഘടകം 22-ാം വാക്യത്തിൽ കാണുന്നു. "നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നാകേണ്ടതിനു, നീ എനിക്കു തന്നിട്ടുള്ള മഹത്വം ഞാൻ അവർക്കു കൊടുത്തിരിക്കുന്നു." ശരിയായ ഒരുമയുടെ മൂന്നാമത്തെ ഘടകം ത്രിയേകദൈവത്തിന്റെ ആവിഷ്കാരത്തിനുവേണ്ടി ദിവ്യമഹത്വത്തിൽ ഉള്ളതായ മഹത്വമാണ്. പിതാവ് പുത്രനു കൊടുത്ത മഹത്വം പുത്രനിലൂടെ നമുക്കും നൽകിയിരിക്കുന്നതുകൊണ്ട്, ശരിയായ ഒരുമ ദിവ്യമഹത്വത്തിലാണ്. എന്താണ് മഹത്വം? തന്റെ നിറവിൽ പിതാവിനെ ആവിഷ്കരിക്കുവാൻ പിതാവിന്റെ ദിവ്യജീവനോടും പ്രകൃതത്തോടുംകൂടെ പിതാവ് പുത്രനു നൽകിയിരിക്കുന്ന പുത്രത്വമാണ് മഹത്വം. മഹത്വത്തിന് നാല് വശങ്ങൾ ഉണ്ടെന്ന് ശ്രദ്ധിക്കുക: പുത്രത്വം, പിതാവിന്റെ ജീവൻ, പിതാവിന്റെ പ്രകൃതം, തന്റെ നിറവിലുള്ള പിതാവിന്റെ ആവിഷ്കാരം എന്നിവ. ഈ നാലുകാര്യങ്ങൾ ഒരുമിക്കുമ്പോൾ അത് മഹത്വത്തിന് തുല്യമാണ്. നാം പുത്രനിൽ ആണ് എന്നതാണ്, ദിവ്യ അവകാശവും ബഹുമതിയുമായ മഹത്വം. പിതാവ് ഈ മഹത്വം പുത്രന് നൽകിയിരിക്കുന്നു; പുത്രന് ഈ രീതിയിൽ പിതാവിനെ ആവിഷ്കരിക്കുവാനുള്ള ബഹുമതിയും ഉണ്ട്. നമുക്ക് പുത്രൻ നൽകിയിരിക്കുന്ന അതേ മഹത്വമാണ് ഇത്. പുത്രനിൽ പിതാവിനെ അവന്റെ എല്ലാ നിറവോടുംകൂടെ ആവിഷ്കരിക്കുവാനുള്ള പിതാവിന്റെ ജീവനും പ്രകൃതവുമുള്ള പുത്രത്വം ഇന്ന് നമുക്ക് എല്ലാവർക്കും ഉണ്ട്. ഈ ദിവ്യമഹത്വത്തിലാണ് നാം വാസ്തവമായി ഒന്നായിരിക്കുന്നത് എന്നതുകൊണ്ട്, ഈ കാര്യങ്ങൾ നമുക്ക് സുപരിചിതമായിരിക്കണം.

"നീ എന്നെ അയച്ചിരിക്കുന്നു എന്നും നീ എന്നെ സ്നേഹിച്ചിരിക്കുന്നതുപോലെ അവരെയും സ്നേഹിക്കുന്നു എന്നും ലോകം അറിയുവാൻ, നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നാകേണ്ടതിനു ഞാൻ അവരിലും നീ എന്നിലുമായി അവർ ഐക്യത്തിൽ തികഞ്ഞവരായിരിക്കേണ്ടതിനുതന്നെ," എന്ന് 23-ാം വാക്യം തുടരുന്നു. ഐക്യത്തിൽ തികഞ്ഞവരായിരിക്കുന്നത് ഇപ്പോഴും പിതാവിലും പുത്രനിലും

ആയിരിക്കുക എന്നതുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നാണ് നാം ഇവിടെ കാണുന്നത്. ഈ വാക്യങ്ങളെല്ലാം ശ്രദ്ധിക്കുന്നുവെങ്കിൽ, യഥാർത്ഥ ഒരുമ കാണുവാൻ നമുക്ക് കഴിയും.

"പിതാവേ, നീ ലോകസ്ഥാപനത്തിനു മുമ്പേ എന്നെ സ്നേഹിച്ചിരിക്കുകകൊണ്ട് എനിക്കു നൽകിയ മഹത്വം നീ എനിക്ക് തന്നിട്ടുള്ളവർ കാണേണ്ടതിന് ഞാൻ ഇരിക്കുന്ന ഇടത്ത് അവരും എന്നോടുകൂടെ ഇരിക്കണം എന്നു ഞാൻ ഇച്ഛിക്കുന്നു," എന്ന് 24-ാം വാക്യത്തിൽ കർത്താവ് പറഞ്ഞു. കർത്താവ് ദിവ്യമഹത്വത്തിലായിരുന്നു; പിതാവ് അവന് നൽകിയവരെല്ലാം അവനോടൊപ്പം മഹത്വത്തിലായിരിക്കണമെന്ന് അവൻ പ്രാർത്ഥിക്കുകയും ചെയ്തു. ഈ വാക്യത്തിലെ ക്രിയകളിൽ ചിലതിന്റെ കാലങ്ങൾക്ക് നാം വളരെ ശ്രദ്ധ കൊടുക്കേണ്ടത് ആവശ്യമാണ്. "അവർ എന്നോടുകൂടെ ആയിരിക്കും" എന്നോ അഥവാ "അവർ എന്റെ മഹത്വം കാണും" എന്നോ ഇവിടെ പറയുന്നില്ല. സ്വാഭാവികമായ, മതപരമായ, ചിന്താഗതിയനുസരിച്ച് ഭാവിയിലാണ് മഹത്വം, "അല്പം കഴിഞ്ഞുള്ള മാധുര്യം" (**the sweet by-and-by**). ഈ ചിന്താഗതി അനുസരിച്ച്, "അല്പം കഴിഞ്ഞുള്ള മാധുര്യത്തിൽ" മഹത്വം പ്രകാശിക്കുകയും നാം എല്ലാവരും ആ ശോഭയിലേക്കു വരുകയും മഹത്വത്തിൽ ആയിരിക്കുകയും ചെയ്യും. എന്നാൽ കർത്താവായ യേശു ഭാവികാലമല്ല, പിന്നെയോ, "എനിക്കു നൽകിയ മഹത്വം നീ എനിക്കു തന്നിട്ടുള്ളവർ കാണേണ്ടതിനു ഞാൻ ഇരിക്കുന്ന ഇടത്ത് അവരും എന്നോടുകൂടെ ഇരിക്കണം എന്നു ഞാൻ ഇച്ഛിക്കുന്നു," എന്നു പറഞ്ഞുകൊണ്ട്, വർത്തമാനകാലം ഉപയോഗിച്ചു. "അവരും എന്നോടുകൂടെ ഇരിക്കണം" എന്നും, "എന്റെ മഹത്വം കാണേണ്ടതിന്" എന്നും, കർത്താവ് പറഞ്ഞു. മഹത്വത്തിൽ കർത്താവിനോടൊപ്പം ആയിരിക്കുന്നതും അവന്റെ മഹത്വം കാണുന്നതും "അല്പം കഴിഞ്ഞുള്ള മാധുര്യത്തിന്" വേണ്ടിയുള്ളതല്ല; നാം അവ ഇന്ന് അനുഭവിക്കുന്നതിനാണ്. കർത്താവ്, പിതാവിനോട് ഇങ്ങനെ പറയുന്നതായി കരുതാം, "പിതാവേ നീ നിന്റെ മഹത്വവും, നിന്നെയും നിന്റെ നിറവിനെയും ആവിഷ്കരിക്കുവാൻ ദിവ്യജീവനും പ്രകൃതവും ഉള്ള പുത്രത്വവും എനിക്കു നൽകിയിരിക്കുന്നു. നീ എനിക്കു തന്ന മഹത്വം ഇതാണ്, ഇപ്പോൾ ഞാൻ ഈ മഹത്വത്തിലും ആണ്. എന്നാൽ, നീ എനിക്കു തന്നിട്ടുള്ളവർ ഈ മഹത്വത്തിൽ അല്ല. അവരും ഈ മഹത്വത്തിൽ ആകുവാൻ ഞാൻ പ്രാർത്ഥിക്കുന്നു." ഈ പ്രാർത്ഥനയ്ക്ക് ഉത്തരം ലഭിച്ചത് എപ്പോൾ ആയിരുന്നു? ഇതിന് ഉത്തരം ലഭിച്ചത് ഒന്നാമത് പുനരുത്ഥാനദിവസവും, രണ്ടാമത് സഭ സ്ഥാപിക്കപ്പെട്ട ദിവസവും ആയിരുന്നു. സഭ സ്ഥാപിക്കപ്പെട്ടപ്പോൾ എല്ലാ ശിഷ്യന്മാരും അവന്റെ എല്ലാ നിറവോടുംകൂടെ പിതാവായ ദൈവത്തെ ആവിഷ്കരിക്കുവാൻ ദിവ്യജീവനിലും ദിവ്യപ്രകൃതത്തിലും പുത്രത്വത്തിലേക്ക്, അതേ മഹത്വത്തിലേക്ക് പ്രവേശിച്ചു. ഹാലേലൂയ്യാ, പുത്രനോടുകൂടെ നാം എല്ലാവരും മഹത്വത്തിലാണ്! പിതാവിനെ ആവി

ഷ്കരിക്കുവാൻ ദിവ്യജീവനോടും ദിവ്യപ്രകൃതത്തോടും കൂടെ പുത്രത്വം പുത്രനുണ്ട്, നമുക്കും ഇതുണ്ട്. അങ്ങനെ നാം ഇപ്പോൾ പുത്രൻ ആയിരിക്കുന്നിടത്ത്-മഹത്വത്തിൽ-ആണ്. ഇതിനാൽ, യഥാർത്ഥ ഒരുമ, പുത്രന്റെ മരണപുനരുത്ഥാന പ്രക്രിയയിലൂടെ ത്രിയേകദൈവത്തിലാണ് എന്ന് നാം കാണുന്നു.

ഒരുമയുടെ ഒന്നാമത്തെ ഘട്ടം ജീവന്റെ ഒരുമയും, രണ്ടാമത്തെ ഘട്ടം വിശുദ്ധീകരണത്തിന്റെ ഒരുമയും മൂന്നാമത്തെ ഘട്ടം ത്രിയേക ദൈവത്തിന്റെ മഹത്വീകരണത്തിലെ ഒരുമയും ആണ്. ത്രിയേകദൈവത്തിന്റെ മഹത്വീകരണമായ അവസാനഘട്ടം, ത്രിയേകദൈവത്തിന്റെ പ്രത്യക്ഷത, അതായത്, പുത്രത്വത്തിന്റെ മഹത്വം ആണ്. നാം വീണ്ടുംജനിച്ചവരും വിശുദ്ധീകരിക്കപ്പെട്ടവരും ക്രൂശിക്കപ്പെട്ടവരും ആണ് എന്ന് തിരിച്ചറിഞ്ഞുകൊണ്ട് കൂടിവരുമ്പോൾ, നാം ദൈവത്തെ ആവിഷ്കരിക്കുവാനും ദൈവത്തെ വെളിപ്പെടുത്തുവാനും ത്രിയേകദൈവത്തിന്റെ മഹത്വീകരണത്തിനായി തികഞ്ഞവരാക്കപ്പെടുവാനും, നാം ഒന്നാണ്.

ഈ മൂന്നു ഘട്ടങ്ങളും പ്രയോഗിക്കുന്നതിനാൽ നാം ഏതു ഘട്ടത്തിലാണ് എന്നു നമുക്കു കണ്ടെത്തുവാൻ കഴിയും? നിങ്ങൾ ഏതു ഘട്ടത്തിൽ ആണ്-ആദ്യത്തേതിലോ രണ്ടാമത്തേതിലോ മൂന്നാമത്തേതിലോ? നിങ്ങൾ ജീവനിൽ ഒന്നായിരിക്കുന്നു എന്നു മാത്രമേ ഉള്ളോ, അതോ വിശുദ്ധീകരണത്തിലുള്ള ഉന്നതമായ ഒരുമ അഥവാ ത്രിയേക ദൈവത്തിന്റെ മഹത്വീകരണത്തിലുള്ള ഏറ്റവും ഉന്നതമായ ഒരുമ നിങ്ങൾക്ക് ഉണ്ടോ? നാം എല്ലാവരും ഒരേ ഘട്ടത്തിൽ അല്ല. ചിലർ ആദ്യത്തേതിലും, മറ്റുചിലർ രണ്ടാമത്തേതിലും, വളരെ കുറച്ചുപേർ കർത്താവിന്റെ കൃപയാൽ മൂന്നാമത്തേതിലുമാണ്. നിങ്ങൾ രക്ഷിക്കപ്പെട്ട് വീണ്ടുംജനിച്ചപ്പോൾതന്നെ, നിങ്ങൾക്ക് പിതാവിന്റെ ജീവനും പിതാവിന്റെ നാമവും ഉണ്ട്. അങ്ങനെ, നിങ്ങൾ പിതാവിന്റെ മകനും, പിതാവിന്റെ മക്കളായ എല്ലാ ക്രിസ്ത്യാനികളുമായി ഒന്നും ആണ്. അതുകൊണ്ട്, നിങ്ങൾ ജീവനിൽ ഒന്നാണ്, എന്നാൽ നിങ്ങൾ ലൗകിക കാര്യങ്ങളിൽനിന്ന് വേർപെട്ട് ദൈവത്തിൽ ജീവിക്കേണ്ടതിന് വചനത്താൽ വിശുദ്ധീകരിക്കപ്പെടേണ്ടത് ആവശ്യമാണ്. അപ്പോൾ നിങ്ങൾ രണ്ടാമത്തെ ഘട്ടത്തിൽ വിശുദ്ധന്മാരുമായി ഒന്നായിരിക്കും. അവസാനം, ത്രയേകദൈവത്തിന്റെ മഹത്വീകരണത്തിൽ ജീവിക്കുന്നതിനായി ക്രൂശിലെ മരണം നിങ്ങൾ മനസ്സിലാക്കേണ്ടത് ആവശ്യമാണ്. ഇതിനർത്ഥം നിങ്ങളെത്തന്നെ ത്യജിക്കുകയും ത്രിയേകദൈവത്തിന്റെ പ്രത്യക്ഷതയിൽ ജീവിക്കുകയും ത്രിയേകദൈവത്തിന്റെ മഹത്വീകരണത്തിന്റെ ഒരുമയിൽ തികഞ്ഞുവരുകയും ചെയ്യണം എന്നാണ്. നാം കണ്ടതുപോലെ, ഒരുമയുടെ ആത്യന്തികമായ ഘട്ടം ഇതാണ്.

ഒരുമയുടെ മൂന്നാമത്തെ ഘട്ടത്തിൽ മാത്രമേ കർത്താവിന്റെ പ്രാർത്ഥന നിറവേറുകയുള്ളൂ. ഈ ഘട്ടത്തിൽ മാത്രമേ പിതാവ്

പുത്രനിലും പുത്രനിലൂടെയും മഹത്വപ്പെടത്തക്കവണ്ണം ദൈവപുത്രൻ മഹത്വപ്പെടുകയുള്ളൂ. ഈ ഘട്ടത്തിൽ മാത്രമേ നമുക്ക് ഒരുമയിലൂടെ കർത്താവിനെ മഹത്വപ്പെടുത്തുവാനും കർത്താവിനെ വെളിപ്പെടുത്തുവാനും കഴിയുകയുള്ളൂ. ഈ ഘട്ടത്തിൽ, കർത്താവിനെ വെളിപ്പെടുത്തുവാനും മഹത്വപ്പെടുത്തുവാനും നാം പൂർണ്ണമായി ഐക്യത്തിൽ തികഞ്ഞവരാക്കപ്പെടും. അപ്പോൾ നാം പുത്രത്വത്തെ മനസ്സിലാക്കും, കാരണം ദൈവം എന്താണോ അതെല്ലാം നമ്മിൽ മൂർത്തീഭവിക്കും. ഇതിനർത്ഥം ദൈവത്തിന്റെ വെളിപ്പെടലും ആവിഷ്കാരംതന്നെയും ആകുന്നതിനുവേണ്ടി നമുക്ക് ദൈവത്തിന്റെ ജീവനും ദൈവത്തിന്റെ പ്രകൃതവും ദൈവത്തെതന്നെയും ലഭിക്കും എന്നാണ്. ഒടുവിൽ, ദൈവപുത്രൻ എന്ന നിലയിൽ ദൈവം കർത്താവിനു നൽകിയ മുഴുവൻ മഹത്വവും നമുക്ക് ഉണ്ടായിരിക്കും.

## ഒരുമയാണ് കെട്ടുപണി

സാക്ഷാൽ ഒരുമ കെട്ടുപണിയുമാണ്. ഇത് എന്റെ ചിന്താഗതി ആണെന്നോ വേദപുസ്തകത്തിലെ വെളിപ്പാടിന്റെ പിന്തുണ ഇല്ലാത്തത് ആണെന്നോ ചിന്തിക്കരുത്. പഴയനിയമത്തിലെ കൂടാരം എന്ന മുൻകുറിയിലൂടെ ഒരുമ, കെട്ടുപണിയാണ് എന്ന് നമുക്ക് കാണുവാൻ കഴിയും. യോഹന്നാൻ 14-ൽ വെളിപ്പെട്ടിരിക്കുന്ന പരസ്പരനിവാസം കൂടാരത്തെ സൂചിപ്പിക്കുകയും വർണ്ണിക്കുകയും ചിത്രീകരിക്കുകയും ചെയ്യുന്നു. യോഹന്നാൻ 14-ലെ പരസ്പരനിവാസം നിങ്ങൾക്കു വ്യക്തമാകുന്നില്ലെങ്കിൽ കൂടാരത്തിന്റെ സംഘടനവും കെട്ടുപണിയും കാണുവാൻ നിങ്ങൾ പുറപ്പാട് 26-ലേക്ക് മടങ്ങിപ്പോകണം.

കൂടാരം ദൈവത്തിന്റെ വാസസ്ഥലം മാത്രമല്ല, ദൈവത്തെ സേവിച്ചവർക്കുള്ള വാസസ്ഥലവുമാണെന്ന് വേദപുസ്തകം ശ്രദ്ധിച്ച് വായിക്കുന്ന ഏവർക്കും അറിയാം. ദൈവത്തെ സേവിക്കുന്നവർ സമാഗമന കൂടാരത്തിൽ വസിച്ചിരുന്നു. സങ്കീർത്തനങ്ങളിൽ അനേക പ്രാവശ്യം സങ്കീർത്തനക്കാരൻ ദൈവത്തിന്റെ ആലയമായ മന്ദിരത്തിൽ, തനിക്ക് വസിക്കണമെന്ന് പ്രാർത്ഥിച്ചു. ഉദാഹരണമായി, സങ്കീർത്തനം 27:4 പറയുന്നു,"ഞാൻ യഹോവയോട് ഒരു കാര്യം അപേക്ഷിച്ചു; അതുതന്നെ ഞാൻ ആഗ്രഹിക്കുന്നു; യഹോവയുടെ മനോഹരത്വം കാണുവാനും അവന്റെ മന്ദിരത്തിൽ ധ്യാനിക്കുവാനും എന്റെ ആയുഷ്കാലമൊക്കെയും ഞാൻ യഹോവയുടെ ആലയത്തിൽ പാർക്കേണ്ടതിനും തന്നെ."മന്ദിരം അല്ലെങ്കിൽ കൂടാരം ദൈവത്തിന്റെ വാസസ്ഥലം മാത്രമല്ല, ദൈവത്തെ സ്നേഹിക്കുന്നവരുടെയും വാസസ്ഥലവും ആണ് എന്ന് ഇതിനാൽ നമുക്ക് കാണുവാൻ കഴിയും. അങ്ങനെ, അത് പരസ്പരവാസസ്ഥലത്തിന്റെ, പരസ്പരനിവാസത്തിന്റെ, ഒരു മുൻകുറി ആയിരുന്നു.

നാൽപ്പത്തിയെട്ട് പലകകൾ ചേർത്ത് ഉണ്ടാക്കിയതായിരുന്നു കൂടാരം. ഇത് വളരെ അർത്ഥവത്താണ്. ഇത് ഒരു മുൻകുറി ആയതിനാൽ, ഇതിന്റെ എല്ലാ വശവും ദൃഷ്ടാന്തീകരിക്കേണ്ടത് ആവശ്യമാണ്. ആ നാൽപ്പത്തിയെട്ട് പലകകളും ചേർത്തിരുന്നത് ആറ് എന്ന അടിസ്ഥാനസംഖ്യയോടുകൂടെ ആയിരുന്നു. ആറ് എന്ന സംഖ്യ യോഹന്നാൻ 2-ലെ ആറ്, കൽപ്പാത്രങ്ങളുടെ സംഖ്യയായ ആറാം ദിവസത്തെ സൃഷ്ടിക്കപ്പെട്ട മനുഷ്യനെ സൂചിപ്പിക്കുന്നു. അതുകൊണ്ട്, ആറ് എന്ന സംഖ്യ, മനുഷ്യന്റെ സംഖ്യ, മനുഷ്യത്വത്തിന്റെ സംഖ്യ ആണ്. നാൽപ്പത്തിയെട്ടിനെ ആറുകൊണ്ട് ഭാഗിച്ചാൽ എട്ട് കിട്ടും. ഇത് വേദപുസ്തകത്തിൽ, ഒരു പുതിയ തുടക്കമായ പുനരുത്ഥാനത്തെ കുറിക്കുന്നു. മുമ്പിലത്തെ ആഴ്ചയിലെ ഏഴു ദിവസങ്ങൾ തുടർന്നുവരുന്ന ആഴ്ചയുടെ ഒന്നാം ദിവസത്തെ, എട്ടാമത്തെ ദിവസത്തെ, ഒരു പുതിയ തുടക്കത്തെ സൂചിപ്പിക്കുന്നു. പരിച്ഛേദന കഴിച്ചിരുന്നത് എപ്പോഴായിരുന്നു? എട്ടാമത്തെ ദിവസം(ലേവ്യ.12:3). കർത്താവായ യേശു പുനരുത്ഥാനം ചെയ്തത് എന്നായിരുന്നു? ആഴ്ചയുടെ ഒന്നാം ദിവസം, അതായത് എട്ടാം ദിവസം(യോഹ.20:1). അതുകൊണ്ട്, എട്ട് എന്ന സംഖ്യ പുനരുത്ഥാനത്തിൽ ഒരു പുതിയ ആരംഭത്തെയും, നാൽപ്പത്തിയെട്ട് എന്ന സംഖ്യ പുനരുത്ഥാനത്തിലുള്ള മനുഷ്യത്വത്തെയും, സൂചിപ്പിക്കുന്നു. ഇത് സ്വാഭാവിക മനുഷ്യത്വമല്ല, പിന്നെയോ പുനരുത്ഥാനം ചെയ്ത മനുഷ്യത്വമാണ്. സഭയിൽ മനുഷ്യത്വത്തിന്റെ ആവശ്യമുണ്ട്, എന്നാൽ അത് സ്വഭാവിക മനുഷ്യത്വമല്ല, പുനരുത്ഥാനം ചെയ്ത മനുഷ്യത്വമായിരിക്കണം.

മനുഷ്യത്വത്തെ സൂചിപ്പിച്ച നാൽപ്പത്തിയെട്ട് പലകകൾ പൊന്നുകൊണ്ട് പൊതിയപ്പെട്ടവ ആയിരുന്നു(പുറ.26:29). പൊന്ന് ദിവ്യപ്രകൃതവും ദിവ്യമഹത്വവും ഉൾപ്പെടെ ദിവ്യത്വത്തെ സൂചിപ്പിക്കുന്നു. അങ്ങനെ, കൂടാരത്തിലെ പൊന്നുകൊണ്ട് പൊതിഞ്ഞ നാൽപ്പത്തിയെട്ടു പലകകൾ ദിവ്യസാരാംശത്തോടുകൂടെ ദിവ്യമഹത്വത്തെ സൂചിപ്പിക്കുന്നു. പൊതിയപ്പെട്ട പൊന്നിൽമേൽ പൊൻവളയങ്ങളും, പൊൻവളയങ്ങൾക്കുള്ളിൽ നാൽപ്പത്തിയെട്ടു പലകകളെ കൂട്ടിച്ചേർത്തിരിക്കുന്ന പൊന്നുകൊണ്ടുള്ള അന്താഴങ്ങളും ഉണ്ടായിരുന്നു. ഇവിടെ നമുക്ക് ഒരുമ, കെട്ടുപണി എന്ന ഒരുമ, ഉണ്ട്. അതുകൊണ്ട്, കെട്ടുപണിയാണ് ഒരുമ എന്നു നമുക്ക് പറയാം.

വേദപുസ്തകത്തിൽ, ഒരുമ എന്നത് സാധനങ്ങൾ ഒരുമിച്ച് കൂട്ടിയിടുന്ന ഒരു കാര്യമല്ല. സാധനങ്ങൾ വെറുതെ കൂട്ടിയിടുന്നത് ഒരുമയല്ല; അത് ഒരു കൂമ്പാരം മാത്രമാണ്. ഒരുമ എന്നാൽ ചേർത്ത് കെട്ടുപണി ചെയ്യപ്പെടുക എന്നാണ്. ഒരുമിച്ച് പണിയപ്പെടണമെങ്കിൽ അനേക കഷണങ്ങൾ ഒരുമിച്ച് വയ്ക്കുക മാത്രമല്ല, ഒരു ഏകകമായിരിക്കുവാൻ യുക്തമായി ചേർത്ത് പണിയപ്പെടുകയും ചെയ്യണം. ഒരു വീട് ഉദാഹരണമായി എടുക്കുക. അതിന്റെ എല്ലാ ഭാഗവും ഒരു ഏകകമായി യുക്ത

മായി ചേർത്ത് പണിയപ്പെട്ടിരിക്കുന്നു. സമാഗമനകൂടാരം എന്ന മുൻകുറിയുടെ ഉദാഹരണത്തിലൂടെ നാൽപ്പത്തിയെട്ടു പലകകൾ ഒരു കെട്ടുപണിയാണ് എന്ന് നമുക്ക് കാണാം.

കൂടാരത്തിലെ ഈ ഒരുമ, ഈ കെട്ടുപണി മൊത്തമായി പൊന്നിനെ ആശ്രയിച്ചിരുന്നു. നാൽപ്പത്തിയെട്ട് പലകകളിൽനിന്ന് പൊന്ന് നീക്കം ചെയ്തിരുന്നെങ്കിൽ ഒരുമ നഷ്ടപ്പെടുകയും നാൽപ്പത്തിയെട്ടു പലകകളും ചിതറി വീണുപോവുകയും ചെയ്യുമായിരുന്നു. മരപ്പലകകൾക്ക് അവയിൽതന്നെ, ഏകോപിപ്പിക്കുന്ന ഘടകമോ, ഏകോപിപ്പിക്കുന്ന മൂലകമോ ഇല്ല. ഏകോപിപ്പിച്ച് നിറുത്തുന്ന മൂലകം പൊന്നായിരുന്നു. പലകകളിന്മേൽ, പൊതിയപ്പെട്ട പൊന്നും, പൊതിഞ്ഞ പൊന്നിൽ പൊൻവളയങ്ങളും, പൊൻവളയങ്ങൾക്കുള്ളിൽ പൊന്നുകൊണ്ടുള്ള അന്താഴങ്ങളും ഉണ്ടായിരുന്നു. അതുകൊണ്ട്, ഈ പൊന്നിലായിരുന്നു എല്ലാ പലകകൾക്കും ഒന്നായിരിക്കുവാൻ കഴിഞ്ഞത്. മനുഷ്യത്വത്തിലല്ല, ദിവ്യജീവനിലും ദിവ്യപ്രകൃതത്തിലും ദിവ്യമഹത്വത്തിലും ആണ് എല്ലാ“പലകകളും”ഒന്നായിരിക്കുന്നത്. നാം പുനരുത്ഥാനത്തിലുള്ള പലകകളാണെങ്കിലും, പുനരുത്ഥാനം ചെയ്ത ഈ മനുഷ്യത്വമല്ല ഏകോപിപ്പിക്കുന്ന ഘടകം; ഏകോപിപ്പിക്കുന്ന ഘടകം ദിവ്യത്വമാണ്, പൊന്നാണ്. ദിവ്യജീവനും പ്രകൃതവും മഹത്വവുമാണ് ഏകോപിപ്പിക്കുന്ന ഘടകം. അതുപോലെ, നമ്മുടെ ഒരുമ നമ്മിൽ ഉള്ളതല്ല, അത് നമ്മുടെ ജീവനും പ്രകൃതവും മഹത്വവും ആവിഷ്കാരവുമായ ത്രിയേകദൈവത്തിൽ ആണ്. അവസാനം, നാമും, കൂടാരത്തിലെ നാൽപ്പത്തിയെട്ട് പലകകൾപോലെ, നമ്മെത്തന്നെ ആവിഷ്കരിക്കാതെ, സ്വർണ്ണം സൂചിപ്പിക്കുന്നതായ, ത്രിയേകദൈവത്തിന്റെ മഹത്വം ആവിഷ്കരിക്കും. ഇതാണ് യഥാർത്ഥ ഒരുമ. ഈ ഒരുമ, ഒരുമിക്കലല്ല, പിന്നെയോ കെട്ടുപണിയാണെന്ന് വളരെ വ്യക്തമാണ്. ശരിയായ ഒരുമയ്ക്ക് അടുപ്പം മതിയായതല്ല. ഈ ഒരുമ കെട്ടുപണി ആയിരിക്കണം.

വേദപുസ്തകത്തിന്റെ അവസാനഭാഗത്തേക്ക് നാം വരുമ്പോൾ, യുഗങ്ങളായുള്ള ദൈവത്തിന്റെ കെട്ടുപണി എന്ന വേലയുടെ കൊയ്ത്ത്-ദൈവത്തിന്റെ കെട്ടുപണി എന്ന സംരംഭത്തിന്റെ ആത്യന്തിക പരിണിതിയായ പുതിയ യെരുശലേം- ഉണ്ട്. പുതിയ യെരുശലേമിന്റെ ഒരുമ, വിലയേറിയ കല്ലുകളുടെ ഒരു കൂമ്പാരമാണോ? അല്ല, അതൊരു കെട്ടുപണിയാണ്. പുതിയ യെരുശലേമിന്റെ കാഴ്ച സൂര്യകാന്തംപോലെ ആണ്(വെളി.21:10-11,18). ദൈവത്തിന്റെ സിംഹാസനത്തിൽ ഇരിക്കുന്നവന്റെ കാഴ്ചയും സൂര്യകാന്തംപോലെ ആണ് എന്ന് വെളിപ്പാട് 4-ൽ നാം കാണുന്നു. ഇതിന്റെ അർത്ഥം, സൂര്യകാന്തം എന്നത് ദൈവത്തിന്റെ ആവിഷ്കാരമാണ്, ദൈവത്തിന്റെ പ്രത്യക്ഷതയാണ് എന്നാകുന്നു. അതുകൊണ്ട്, പുതിയ യെരുശലേമിന് മുഴുവൻ ദൈവത്തിന്റെ അതേ കാഴ്ച ഉണ്ടായിരിക്കും. അത്, ദൈവത്തെ ആവിഷ്കരിക്കും. ഇതിന്റെ അർത്ഥം, ദൈവത്തിന്റെ സ്വരൂപ

ത്തിന്റെ ആവിഷ്കാരത്തിൽ എല്ലാ വിലയേറിയ കല്ലുകളും ഒന്നാകുന്നു എന്നാണ്. ഇതാണ് യഥാർത്ഥ ഒരുമ.

ഓരോ സ്ഥലംസഭയും മറ്റെല്ലാ സ്ഥലംസഭകളിൽനിന്നും വ്യത്യസ്തം, സവിശേഷതയുള്ളത്, ആയിരിക്കണം എന്ന് ചില ക്രിസ്ത്യാനികൾ പറയുന്നു. അനേക വർഷമായി ഞാൻ ഈ ചിന്താഗതിയാൽ വഞ്ചിക്കപ്പെട്ടിരുന്നു. എന്നാൽ, വെളിപ്പാടിലെ ഏഴു സഭകളും വ്യത്യസ്തമായിരുന്നുവെങ്കിലും അനുലോമപരമായ രീതിയിൽ അല്ല, പ്രതിലോമ രീതിയിലായിരുന്നു അവ വ്യത്യസ്തമായിരുന്നത് എന്ന് ഒരു ദിവസം കർത്താവ് എന്നെ കാണിച്ചു. അവയുടെ പ്രതിലോമതയിൽ, ഏഴു സഭകളിൽ ചിലത് മറ്റുള്ളവയിൽനിന്നും വ്യത്യസ്തമായിരുന്നുവെങ്കിലും, അനുലോമതയിൽ അവയെല്ലാം ഒരുപോലെ ആയിരുന്നു. പുതിയ യെരുശലേമിന്റെ നാലു വശങ്ങളും നോക്കുക. ഓരോ സ്ഥലംസഭയും സവിശേഷമായി വ്യത്യസ്തമായിരിക്കണം എന്നു പറയുന്നവരുടെ അഭിപ്രായപ്രകാരം, പുതിയ യെരുശലേമിന്റെ നാലു വശങ്ങളും വ്യത്യസ്തമായിരിക്കണം. ഒരു വശം സൂര്യകാന്തവും മറ്റുള്ളവ ഓരോന്നിനും അതിന്റേതായ സവിശേഷതയുള്ള, ചുവപ്പുകല്ല്, പച്ചകല്ല്, വൈഡൂര്യം എന്നിവയും ആയിരിക്കണം. ഈ അഭിപ്രായം മുറുകെ പിടിക്കുന്നവരെ അനുസരിച്ച്, മതിലിന്റെ ഓരോ വശവും നിസ്തുലമായ ഓരോ കാര്യവും, മറ്റുള്ളവയിൽനിന്നു വ്യത്യസ്തമായ കാര്യം ആവിഷ്കരിക്കുന്നത് ആയിരിക്കണം. എന്നാൽ അത് ഒരുമയല്ല. പുതിയ യെരുശലേമിന്റെ നാലു വശങ്ങൾക്കും ഓരേ ആവിഷ്കാരം-ദൈവത്തിന്റെ മഹത്വപൂർണ്ണമായ പ്രത്യക്ഷതയായ സൂര്യകാന്തത്തിന്റെ ആവിഷ്കാരം- ആണ് ഉള്ളത്.

പുതിയനിയമത്തിൽ, സഭകൾ തമ്മിലുള്ള വ്യത്യാസം അനുലോമമായ വശത്തല്ല, പിന്നെയോ പ്രതിലോമമായ വശത്താണ്. “ജാതീയ മേഖലയിൽ പൗലൊസ് സ്ഥാപിച്ച സഭകൾ ഒരുതരത്തിലുള്ളവയും യെഹൂദ്യയിലെ സഭകൾ, പ്രത്യേകിച്ച് യെരുശലേമിലെ സഭ, മറ്റൊരുതരത്തിലുള്ളവയും ആയിരുന്നില്ലേ,”എന്ന് ചിലർ പറഞ്ഞേക്കാം. ശരിയാണ്, അനുലോമമായ അർത്ഥത്തിലല്ല പ്രതിലോമമായ അർത്ഥത്തിൽ മാത്രം. അനുലോമവശത്ത്, എല്ലാ സഭകളും യേശുക്രിസ്തുവിൽ വിശ്വസിച്ചിരുന്നു, ദൈവത്തെ ആവിഷ്കരിക്കുവാൻ തങ്ങളുടെ ജീവനായി അവർക്ക് ക്രിസ്തു ഉണ്ടായിരുന്നു. അനുലോമമായ വശത്ത്, അവ തമ്മിൽ യാതൊരു വ്യത്യാസവുമില്ലായിരുന്നു. എന്നാലും, പ്രതിലോമമായ വശത്ത്, ന്യായപ്രമാണം പാലിക്കുന്നതിനെ സംബന്ധിച്ച് ജാതീയ സഭകൾക്ക് ഒന്നും അറിയില്ലായിരുന്നു; എന്നാലും യെഹൂദ്യയിലെ വിശുദ്ധന്മാർ, പ്രത്യേകിച്ച് യെരുശലേമിലെ സഭയിലെ ചിലർ, യെരുശലേമിലേക്കുള്ള പൗലൊസിന്റെ അവസാന സന്ദർശനസമയത്തുപോലും, യെഹൂദമതത്തിന്റെ ആചാരങ്ങൾ അനുഷ്ഠിച്ചിരുന്നു എന്നതുകൊണ്ട് ഒരു വ്യത്യാസമുണ്ടായിരുന്നു.

ഇത്തരത്തിലുള്ള വ്യത്യസം സൂക്ഷിക്കുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? യെഹൂദമതാചാരപ്രകാരമുള്ള ശുദ്ധീകരണത്തിനുവേണ്ടി ചിലവിടുവാൻ പൗലൊസിനെപ്പോലും യെരുശലേമിലെ വിശുദ്ധന്മാർ ബോധ്യപ്പെടുത്തി; എന്നാൽ ദൈവം അതിനോടു യോജിച്ചില്ല. അതേ, സഭകൾ തമ്മിൽ വ്യത്യാസമുണ്ടായിരുന്നു, അത് പ്രതിലോമമായ അർത്ഥത്തിൽ മാത്രം ആയിരുന്നു.

പ്രതിലോമമായ വ്യത്യാസങ്ങൾ നാം പാലിക്കണമോ, അതോ, അനുലോമമായ ഒരുമ കാത്തുസൂക്ഷിക്കണമോ? എല്ലാ സഭകളും ഒരുപോലെ ആയിരിക്കണം. നമുക്ക് ഒരു വേദപുസ്തകമാണ് ഉള്ളത്; നാം ഒരു ദൈവത്തിൽ വിശ്വസിക്കുന്നു; നമ്മുടെ രക്ഷകനായി ഒരു യേശുക്രിസ്തു നമുക്കുണ്ട്. നാം എല്ലാവരും ദൈവത്തെ ആവിഷ്കരിക്കുവാൻ നമ്മുടെ ജീവനായി അവനെ ആസ്വദിക്കുന്നു. വ്യത്യസ്തരായിരിക്കുവാൻ ഒരു കാരണവുമില്ല. ഇപ്പോഴും, നാം വ്യത്യാസങ്ങൾ നിലനിർത്തുന്നുവെങ്കിൽ, അതിന്റെ അർത്ഥം നാം പ്രതിലോമ ചിന്തയുള്ളവരാണ് എന്നാണ്. സമാഗമനകൂടാരത്തിലെ നാൽപ്പത്തിയെട്ടു പലകകളും ഒരേ പൊന്നിന്റെ തേജസ്സു വെളിപ്പെടുത്തുകയും, പുതിയ യെരുശലേമിന്റെ മതിലു മുഴുവനും സൂര്യകാന്തത്തിന്റെ പ്രത്യക്ഷതയിൽ ആയിരിക്കുകയും ചെയ്യും. ഇന്ന് എല്ലാ സഭകളും ഒരുപോലെ അനുലോമമായിരിക്കുന്നത് എത്ര സന്തോഷകരമാണ്. സഭകൾ വ്യത്യസ്തമായിരിക്കണം എന്ന പാരമ്പര്യ ചിന്താഗതി നാം ഉപേക്ഷിക്കണം. എല്ലാ സഭകളും ഒരുപോലെ ആയിരിക്കണം.